# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 158 10.12.2012- ൽ മറുപടിക്ക്**

## മാരിടൈം ബോർഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. റ്റി.എൻ. പ്രതാപൻ ;<br>ശ്രീ; ആർ. സെൽവരാജ്; | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മാരിടൈം ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ഡിലോയിറ്റ് എന്ന സ്ഥാപനം കേരളത്തിൽ മാരിടൈം ബോർഡ് രൂപീകരണത്തിന് സ്ട്രാറ്റജിക് റോഡ് മാപ്പ് തയ്യാറാക്കുകയും ആക്ഷൻ പ്ലാൻ അംഗീകരിക്കുകയും ചെയ്തു. നിയമ നിർമ്മാണത്തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ്; | (ബി) ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനം, പരിപാലനം, പരിരക്ഷ തുടങ്ങിയ സംസ്ഥാന സർക്കാരിൽ ഇന്ത്യൻ തുറമുഖ ചട്ടങ്ങൾ മൂലം നിക്ഷിപ്തമായ കർത്തവ്യങ്ങൾ കപ്പൽ മന്ത്രാലയത്തിന്റെയും കപ്പൽ ഗതാഗത വകുപ്പിന്റെയും മറ്റും നിയമങ്ങൾ നടപ്പിലാക്കൽ, വിവിധതരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റുകളും നൽകൽ, വാണിജ്യവും നിയമപരവുമായ ചുമതലകൾ നിർവ്വഹിക്കൽ, വിവിധ വകുപ്പുകളേയും |

----2

സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കൽ എന്നിവയാണ് മാരിടൈം ബോർഡ് കൊണ്ട് ഉദ്ദേശിക്കുന്നതും അതിന്റെ പ്രവർത്തനരീതിയും.

(സി) ജലത്തിൽ കൂടിയുള്ള ചരക്കു ഗതാഗതം പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡ് രൂപീകരണം വഴി ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കേരളത്തിലെ 17 മൈനർ തുറമുഖങ്ങളെയും ഉൾനാടൻ ജലഗതാഗതത്തെയും പരസ്പരം ബന്ധിപ്പിച്ചു കൊണ്ടാണ് തീരദേശ കപ്പൽ ഗതാഗതം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. അതിനായി തുറമുഖ വകുപ്പിന്റെ കീഴിലുള്ള തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, തീരദേശ കപ്പൽ ഗതാഗതവുമായി ബന്ധപ്പെട്ട കപ്പൽ നിർമ്മാണത്തിന് ഇളവുകൾ നൽകൽ, കയറ്റുമതി,ഇറക്കുമതി ചുങ്കത്തിൽ ഇളവുകൾ നൽകൽ, കേരളത്തിൽ മാരിടൈം വിദ്യാഭ്യാസം നടപ്പിലാക്കൽ മുതലായവയും ലക്ഷ്യമിട്ടുണ്ട്.

(ഡി) ഈ മേഖലയിലുള്ള വിവിധ ഏജൻസികളെ ബോർഡ് രൂപീകരണത്തിൽ സംയോജിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) തുറമുഖ വകുപ്പ്, കേരളമാരിടൈം സൊസൈറ്റി, കേരള മാരിടൈം ഡവലപ് മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നിവയെ ഏകോപിപ്പിച്ചു കൊണ്ടാണ് കേരള മാരിടൈം ബോർഡ് രൂപീകരിക്കുന്നത്.

(ഇ) ഇതിനുള്ള നിയമനിർമ്മാണ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(ഇ) അന്തിമഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ